# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ലഹരി വിരുദ്ധ ദിനം – 14.01.2024

## ആരാധന ക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)

**കൗമ്മാ**

**പ്രാരംഭ പ്രാർത്ഥന**

ഞങ്ങളുടെ സൃഷ്ടിതാവും പരിപാലകനും അനശ്വര ജീവനിലേക്ക് ഞങ്ങളെ വഴി നടത്തുന്നവനുമായ ദൈവമേ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ഞങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും വന്ന് കുരിശുമരണത്തിലൂടെയും ഉയിർത്തെഴുന്നേല്പിലൂടെയും ഞങ്ങൾക്ക് വീണ്ടെടുപ്പും മോചനവും സാദ്ധ്യമാക്കിയ യേശുകർത്താവേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ആശ്വാസപ്രദനായും കാര്യസ്ഥനായും എപ്പോഴും ഞങ്ങളോടുകൂടെ വസിക്കുന്ന പരിശുദ്ധാത്മാവേ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ദൈവീക കരുണയുടെയും സ്നേഹത്തിന്റെയും പ്രഘോഷകരും പ്രയോക്താക്കളുമായി ജീവിപ്പാൻ ഈ ആരാധന ഞങ്ങളെ ഉത്സുകരാക്കേണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**അനുതാപ പ്രാർത്ഥന**

ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും, എന്ന് ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു. (സങ്കീ 32:5).

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കണമേ***

**ലീഡർ:** മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ആസക്തികൾക്ക് അടിമപ്പെടുന്നവർ രോഗാതുരർ ആണെന്ന തിരിച്ചറിവില്ലാതെ

**ലീഡർ:** വിവിധ ആസക്തികൾക്ക് വിധേയപ്പെട്ടവരുടെ പ്രവൃത്തി മൂലം പീഢനവും ദുരിതവും അനുഭവിക്കുന്ന മാതാപിതാക്കൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സുരക്ഷിതത്വത്തിനും ആശ്വാസത്തിനുമായി ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

**ലീഡർ:** ആസക്തിയുള്ള രോഗികളെ ചികിത്സിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ, പുനരധിവാസകേന്ദ്രങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ എന്നിവയ്ക്കായും ഇവിടെ ശുശ്രൂഷ ചെയ്യുന്ന എല്ലാ പ്രവർത്തകർക്കായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

യുദ്ധക്കെടുതിയിൽ യാതന അനുഭവിക്കുന്നവർ, ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ, പലായനം ചെയ്യുന്നവർ, പീഡനത്തിന് വിധേയരാകുന്നവർ മുറിവേറ്റ് ചികിത്സയിൽ കഴിയുന്നവർ, എന്നിവരുടെ പുനഃരധിവാസത്തിനും സൗഖ്യത്തിനുമായി ദൈവമേ..

***പ്രതിവാക്യം: ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

**സമർപ്പണ പ്രാർത്ഥന**

കരുണയും ദയയുമുള്ള ദൈവമായ കർത്താവേ, ദൈവീക ദാനമായ ഞങ്ങളുടെ വിലപ്പെട്ട ജീവിതത്തിനായി സ്തോത്രം. വിവിധ ആസക്തികൾക്ക് വിധേയപ്പെടുന്ന ഞങ്ങളെ അതിൽ നിന്ന് വിമോചിപ്പിക്കണമേ. മദ്യം, മയക്കുമരുന്ന് തുടങ്ങി എല്ലാ ലഹരി വസ്തുക്കളുടെയും ഉപയോഗം, വിൽപ്പന, പ്രചരണം എന്നിവയിൽ നിന്ന് ഞങ്ങൾ പൂർണ്ണമായി ഒഴിഞ്ഞിരിക്കുമെന്ന് ഞങ്ങൾ തിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും നന്മയ്ക്കായും രൂപാന്തരത്തിനായും പ്രവർത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഭൂമിയുടെ ഉപ്പായി, ലോകത്തിന്റെ വെളിച്ചമായി മറ്റുള്ളവർക്ക് ആവോളം നന്മ ചെയ്യുവാൻ ദൈവകരങ്ങളിൽ ഉപകരണങ്ങളായി ഞങ്ങളെ സമർപ്പിക്കുന്നു.

ആമേൻ.

അവരെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയും കൂട്ടായ്മ നൽകാതിരിക്കുകയും ചെയ്ത ഞങ്ങളുടെ കുറവുകളെ കർത്താവേ

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കണമേ***

**ലീഡർ:** ലഹരി വിമോചന ചികിത്സയ്ക്കും പുനരധിവാസത്തിനും ശേഷം വീണ്ടും ആസക്തിയിലേക്ക് തിരിച്ചുപോകുന്നവരെ അവരുടെ ജീവിത സാഹചര്യത്തിൽ മനസ്സിലാക്കാതെ അവഗണിച്ച് അവരുടെ യഥാസ്ഥാനപ്പെടലിനായി പ്രവർത്തിക്കാതെപോയ കുറവുകളെ കർത്താവേ

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കണമേ***

**ലീഡർ:** മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ വാണിജ്യവത്ക്കരണം സാമൂഹ്യതിന്മയാണെന്നറിഞ്ഞിട്ടും അതിനെതിരെ പ്രതികരിക്കാതെപോയ കുറവുകളെ കർത്താവേ

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കണമേ***

**ലീഡർ:** അധികാരം, സമ്പത്ത്, സുഖലോലുപത, ലൈംഗികത തുടങ്ങിയ ആസക്തികൾ ഞങ്ങളുടെ ധാർമ്മികവും ആത്മീയവുമായ ജീവിതത്തിന് അനുയോജ്യമല്ലെന്ന് തിരിച്ചറിയാതെ ജീവിച്ചുപോകുന്ന കുറവുകളെ കർത്താവേ

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കണമേ***

**സ്തോത്ര പ്രാർത്ഥന**

“യഹോവയ്ക്ക് സ്തോത്രം ചെയ്യുവീൻ അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു”. ഓരോ പ്രാർത്ഥനക്കും ശേഷം ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു എന്ന് പ്രതിവാക്യമായി പറയാം.

**ലീഡർ :** മദ്യം, മയക്കുമരുന്ന് തുടങ്ങി വിവിധ ആസക്തികൾക്ക് അടിമകളായിരിക്കുന്നവരെ ചികിത്സിക്കുന്ന ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന കൗൺസിലേഴ്സ്, മറ്റ് അനുബന്ധ പ്രവർത്തകർ എന്നിവർക്കായും മാർത്തോമ്മാ സഭയായി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.***

**ലീഡർ:** വിവിധ ആസക്തികൾക്കെതിരെ വ്യത്യസ്ത മാദ്ധ്യമങ്ങളിലൂടെ നടക്കുന്ന ബോധവത്ക്കരണ, അനുധാവന പ്രവർത്തനങ്ങൾക്കായും സംഘടനകൾക്കായും എ.എ കൂടിവരവുകൾക്ക് നേതൃത്വം നൽകുന്ന എല്ലാവർക്കായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.***

**ലീഡർ:** നിരന്തരം ആസക്തികളിലേക്ക് വീണുപോകുന്നവരുടെ വിമോചനത്തിനായി നടത്തപ്പെടുന്ന കൃഷി, സ്വയം തൊഴിൽ എന്നീ സംരംഭങ്ങൾക്കായും മാർത്തോമ്മാ സഭ ആരംഭിച്ച പുനഃരധിവാസ കേന്ദ്രങ്ങൾക്കായും സേവനങ്ങൾക്കായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.***

**ലീഡർ:** ആസക്തികൾക്ക് വിധേയപ്പെട്ടവരെ അന്ധകാര ശക്തികളിൽ നിന്ന് വെളിച്ചത്തിലേക്കും മരണത്തിന്റെ ശക്തിയിൽ നിന്ന് നിത്യജീവനിലേക്കും നടത്താനായി മാർത്തോമ്മാ സഭ നിർവഹിക്കുന്ന എല്ലാ പ്രേഷിത ശുശ്രൂഷകൾക്കായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.***

**മദ്ധ്യസ്ഥ പ്രാർത്ഥന**

കർത്താവെ എന്റെ പ്രാർത്ഥന കേൾക്കേണമേ, നിന്റെ ചെവി എന്റെ യാചനകൾക്ക് ശ്രദ്ധിച്ചിരിക്കേണമേ (സങ്കീ.130.2)

***പ്രതിവാക്യം. ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു***

**ലീഡർ:** മദ്യം, മയക്കുമരുന്ന് തുടങ്ങി വിവിധ ആസക്തികൾക്ക് വിധേയരായി സ്വന്തം ജീവിതവും കുടുംബജീവിതവും സമ്പത്തും സാമൂഹ്യബന്ധങ്ങളും നഷ്ടപ്പെട്ട് കഴിയുന്നവരുടെയും ലഹരി വിമോചന കേന്ദ്രങ്ങളിൽ ചികിത്സയിൽ കഴിയുന്നവരുടെയും പുനരധിവാസ മന്ദിരങ്ങളിൽ താമസിക്കുന്നവരുടെയും സൗഖ്യത്തിനായും രൂപാന്തരത്തിനായും ദൈവമേ

***പ്രതിവാക്യം: ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***